(സി) തിരുവല്ലാ താലൂക്കിൽപ്പെട്ട പനയന്നാർ,കാവ് ദേവസ്വം വക ഭൂമിയിൽനിന്നു നികുതി വസൂലാക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്നുമുതൽ;

(ഇ) ഈ നികുതി ആരാണ് അടയ്ക്കുന്നത്?

ഉത്തരം.

(എ) ഇല്ലാ.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) ബാധകമല്ല.

(ഇ) പനയന്നാർ കാവ് ദേവസ്വം സന്നിധി.

Vennikulam Primary School.

535. [19] **Shri O. C. Ninan :** Will the Minister for Education be pleased to state ;

(*a*) which is the building where the Vennikulam Assistant Inspector's Office is housed ;

(*b*) for what purpose that building and site was used previously ; and

(*c*) how did Government get the site and building ?

Answer.

(*a*) The building of the defunct Venniculam Malayalam Middle School for Girls.

(*b*) That was previously used to house the Venniculam Malayalam School for Girls.

(*c*) The site and building were donated to Government by the public of the place.

സഹകരണസംഘങ്ങൾ.

* 536. [ബി] ശ്രീ. കൊച്ചുകുഞ്ഞു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്കസമുദായോദ്ധാരണഡിപ്പാർട്ട്മെൻറുമുഖേന പട്ടികജാതിക്കാർക്കുവേണ്ടി സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തുകൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര; ഏവിടെയെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) ഉണ്ട്.

(ബി) വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

ഉയർന്ന ഗ്രേഡുകളിലെ പ്രമോഷൻ.

൪൫. ൭. [൨൪] • ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചിവിജിലൻസിൽപ്പെട്ട ഉദ്യോഗസ്ഥന്മാരിൽ ൧൯൫൫ ജൂലൈ ൧ാം തീയതിക്കു മുമ്പുള്ള എത്ര ഉദ്യോഗസ്ഥന്മാർക്കാണ് ൧൯൫൫ ഏപ്രിലിനു ശേഷം ഉയർന്ന ഗ്രേഡുകളിലേക്ക് പ്രമോഷൻ നൽകിയിട്ടുള്ളതു്. അവർ ആരെല്ലാമെന്നു് വിശദമാക്കുമോ?

ഉത്തരം.

വിശദവിവരങ്ങൾ അടങ്ങിയ പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്*

ലിഫ്റ്റ് ഇറിഗേഷൻ സ്കീം.

൪൫൫. [൨൪] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങമനാട്ട്, കരുമാലൂർദേശം എന്നീ പറവൂർതാലൂക്കിലെ കർഷകപ്രദേശങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീം ഏതു വർഷത്തിൽ ആരംഭിച്ചു;

(ബി) എത്ര ഏക്കർ സ്ഥലത്താണ് തുടങ്ങിയതു്;

(സി) ഇന്നു എത്ര ഏക്കർ സ്ഥലത്തു് ഇറിഗേഷൻ നടക്കുന്നു;

(ഡി) ഏക്കറിനു് എന്തു തുകയാണ് സ്കീം തുടങ്ങിയ കാലത്തു് വെള്ളക്കരമായി വാങ്ങിയിരുന്നതു്; ഇനി കൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ?

(ഇ) പ്രൈവറ്റ് ഉടമകൾ വെള്ളക്കരം ഈടാക്കുന്നോ; എത്ര?

ഉത്തരം.

(എ) ഉവ്വ്.

(ബി) ൧൯൫൫ ൦ ഏക്കർ.

(സി) ൧൯൫൭ ൭ ഏക്കർ.

(ഡി) സ്കീം തുടങ്ങിയ കാലത്തു് ൧൫ രൂപയാണ് വാങ്ങിയിരുന്നതു്. ഇപ്പോൾ അതു് ൨൫ രൂപയാക്കിയിട്ടുണ്ട്. കരം കൂട്ടണമോ എന്നുള്ളതു് ആലോചനയിലിരിക്കുന്നു.

(ഇ) ഉണ്ട്. ഏതു നിരക്കിലാണെന്നു് ഗവൺമെന്റിനു് അറിവില്ല.

*See Appendix IX.

LIBRARY ARCHIVES Kerala Legislative Assembly